# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3402

09.04.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പുറമ്പോക്ക് ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ.കെ.എം. ഷാജി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിന്റെ അധീനതയിലെ പുറമ്പോക്ക് ഭൂമി തിരിച്ചറിയുന്നതിനും, അതിന്റെ ദുരുപയോഗം തടയുന്നതിനും, അവ അളന്ന് തിരിച്ച് അടയാളം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) റവന്യൂ ഭൂമിയിൽ കൈയ്യേറ്റങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ അത് തടയാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ വിശദമാക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രദ്ധയിൽ പ്പെട്ടിട്ടുള്ള റവന്യൂ ഭൂമി കയ്യേറ്റങ്ങളിൽ കേരള ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ മൂന്നാർ പ്രദേശത്ത് അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ദേവികുളം ആർ.ഡി.ഒയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പീരുമേട്, ദേവീകുളം, ഉടുമ്പൻചോല എന്നീ താലൂക്കുകളിൽ ഭൂസംരക്ഷണ സേനയേയും വിന്യസിച്ചിട്ടുണ്ട്. റവന്യൂ ഭൂമി അളന്ന് തിട്ടപ്പെടുത്തുക. സംരക്ഷണവേലി/മതിൽകെട്ടുക.<br>ജണ്ടകൾ സ്ഥാപിക്കുക, ടി ഭൂമിയുടെ വിശദവിവരം അടങ്ങുന്ന രജിസ്റ്റർ വില്ലേജാഫീസിൽ തയ്യാറാക്കി സൂക്ഷിക്കുക, ടി രജിസ്റ്റർ പ്രകാരമുള്ള |

ഭൂമി വില്ലേജാഫീസർ പരിശോധിക്കുക, 2009-ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിലേയ്ക്ക് പോലീസ് അധികാരികൾക്ക് കയ്യേറ്റ വിവരം റിപ്പോർട്ട് ചെയ്യുക എന്നീ മുൻകരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| (സി) സംസ്ഥാനത്താകെ റവന്യൂവകുപ്പിന്റെ അധീനതയിൽ എത്ര ഭൂമിയുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ ? | (സി) തിരുവനന്തപുരം-2229238.36 ഹെക്ടർ<br>കൊല്ലം -6329.73.63 ഹെക്ടർ<br>പത്തനംതിട്ട -10470.44.96 ഹെക്ടർ<br>ആലപ്പുഴ -521 ഹെക്ടർ 42 ആർസ് 67 ച.മീ<br>ഇടുക്കി -59138.38.08 ഹെക്ടർ<br>ദേവികുളം താലൂക്കിലെ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടില്ല.<br>കോട്ടയം -2001.54.50 ഹെക്ടർ<br>എറണാകുളം - 42626.3130 ഹെക്ടർ<br>തൃശ്ശൂർ - 4965.01.84 ഹെക്ടർ<br>പാലക്കാട് -510.8688 ഹെക്ടർ<br>മലപ്പുറം -1897.6975 ഹെക്ടർ<br>കോഴിക്കോട് -39855.12 ഹെക്ടർ<br>വയനാട് -2292.8619 ഹെക്ടർ<br>കണ്ണൂർ -4934.3807 ഹെക്ടർ<br>കാസറഗോഡ് -4730.11½ ഏക്കർ |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**